LIBRARY ARCHIVES Kerala Legislative Assembly

അബ്കാരി നിയമത്തിൽ വരുത്തിയ ഭേദഗതികൾ

*6 [889] ശ്രീ. പി. ജയരാജൻ:
,, എ. കെ. ബാലൻ:
,, കെ. കെ. ജയചന്ദ്രൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്കാരി നിയമത്തിൽ ഈ സർക്കാർ എന്തെല്ലാം ഭേദഗതികൾ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നതോ പുറത്തേക്ക് അയയ്ക്കുന്നതോ ആയ ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന് നിലവിലുള്ള ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതുമൂലം സംസ്ഥാന ഖജനാവിന് നഷ്ടം ഉണ്ടാകുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഇൻഡ്യൻ നിർമ്മിത വിദേശ മദ്യങ്ങൾക്ക് എത്ര ഘട്ടങ്ങളിലായാണ് നികുതി ചുമത്തുന്നതെന്ന് പറയാമോ;

(ഇ) വിദേശ നിർമ്മിത വിദേശ മദ്യം സംസ്ഥാനത്തേക്ക് കൊണ്ടുവരുമ്പോൾ നികുതി ചുമത്തുന്നുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അബ്കാരി നിയമത്തിൽ വരുത്തിയ പ്രധാനപ്പെട്ട മാറ്റങ്ങളുടെ സംക്ഷിപ്ത വിവരണം അനുബന്ധമായി ചേർക്കുന്നു.†

(ബി) ഭേദഗതികൾ ഒന്നും വരുത്തിയിട്ടില്ല.

(സി) 'ബി'-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഒരു ഘട്ടത്തിൽ മാത്രമേ എക്സൈസ് നികുതി ചുമത്തുന്നുള്ളൂ.

(ഇ) ഇല്ല.

ഷോലവനങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി

*7 [890] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, എൻ. ഡി. അപ്പച്ചൻ:
,, പി .ജെ. ജോയി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷോലവനങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് കഴിയുമോ;

† അനുബന്ധം II

8. ജനിതക വിത്ത്, അടിസ്ഥാന വിത്ത്, സർട്ടിഫൈഡ് വിത്ത് തുടങ്ങിയവയുടെ വിഭ്യത ഉറപ്പു വരുത്തുക.

9. കർഷകർക്ക് നൽകുന്ന വിവിധയിനം വിത്തുകളുടെ സംഭരണ വില, വിതരണ വില തുടങ്ങിയവ പ്രഖ്യാപിക്കുക.

10. വിത്തിന്റെ കരുതൽ ശേഖരണം സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയവയാണ്.

അനുബന്ധം II

[8-8-2003-ലെ *6 (889)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അബ്കാരി നിയമത്തിൽ വരുത്തിയ ഭേദഗതികൾ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു:

1. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2002-03 കാലഘട്ടത്തിലേക്കുള്ള അബ്കാരി നയത്തിന് രൂപം നൽകുകയും കള്ള് ഷാപ്പുകളുടെ നടത്തിപ്പ് 2001-02-ൽ സംസ്ഥാനത്തെ കള്ളുഷാപ്പുകൾ, തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ നടത്തിക്കൊണ്ടിരുന്ന സമ്പ്രദായം അവസാനിപ്പിക്കുകയും ആയത് വ്യക്തികൾക്ക് വാർഷിക ലൈസൻസ് ഫീസ് ഈടാക്കി നൽകുന്നതിനാവശ്യമായ ഭേദഗതികൾ "കേരളാ അബ്കാരി ഷാപ്പ് ഡിസ്പോസൽ റൂൾസ് 2002" ആയി വരുത്തുകയുണ്ടായി. (ജി.ഒ.നം.24/02/റ്റി.ഡി. തീയതി 30-3-2002-ലെ പബ്ലിഷ്ഡ് എസ്. ആർ. ഒ. നമ്പർ 198/2002 ഇൻ.കെ.ജി.ഇ.എക്സ്. നമ്പർ 376 തീയതി 30-3-2002).

2002-03 വർഷത്തിൽ സംസ്ഥാനത്ത് 4000 കള്ളുഷാപ്പുകൾക്കാണ് ലൈസൻസ് നൽകുവാൻ തീരുമാനിച്ചിരുന്നത്. എന്നാൽ ചില ജില്ലകളിൽ ഷാപ്പുകൾ പൂർണ്ണമായും വിൽപ്പന പോകാത്തതിനാൽ ഒരു വ്യക്തിക്ക് ഒരു ഷാപ്പുമാത്രമേ നൽകൂ എന്നതും വിൽപ്പന നിയമങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുകയുണ്ടായി. ജി.ഒ.(പി) നമ്പർ 83/2002/നി.വ. തീയതി 7-6-2002 (എസ്.ആർ.ഒ. നം. 463/2002). ഇപ്രകാരം ഒരു ഷാപ്പിനുപകരം മൂന്നു ഷാപ്പുകൾ വരെ ഒരു വ്യക്തിക്ക് നൽകാമെന്നും, ജി.ഒ.(പി) നമ്പർ 90/2002/നി.വ. തീയതി 26-4-2002 (എസ്.ആർ.ഒ. 501/2002) പ്രകാരം ഒരു വ്യക്തിക്ക് എത്ര ഷാപ്പുകൾ വേണമെങ്കിലും നൽകാമെന്നും ഭേദഗതി വരുത്തിയിട്ടുണ്ട്.

ജി.ഒ. (പി) നമ്പർ 90/2002/നി.വ. തീയതി 24-6-2002 എസ്.ആർ.ഒ. 501/2002 പ്രകാരം അബ്കാരി ഷാപ്പ് വിൽപ്പന ചട്ടങ്ങളിൽ മറ്റൊരു കാതലായ ഭേദഗതി വരുത്തി പ്രസ്തുത ഭേദഗതി സർക്കാരിന് ഏതു സമയവും ആവശ്യമെങ്കിൽ നിർത്തലാക്കിയ കള്ളുഷാപ്പുകൾ പുനഃസ്ഥാപിക്കുന്നതിനും അവ വിൽപ്പന നടത്തുന്നതിനും അധികാരം നൽകുന്നതാണ്. ടി ഭേദഗതികളുടെ വെളിച്ചത്തിൽ 2002-03 സാമ്പത്തിക വർഷം 356 കള്ളുഷാപ്പുകൾ കൂടി പുനഃസ്ഥാപിച്ച് മൊത്തം ഷാപ്പുകളുടെ എണ്ണം 4356 ആക്കി.

മേൽ ഭേദഗതിയിൽ തന്നെ വിൽപ്പന പോകാത്ത ഷാപ്പുകൾ അംഗീകൃത കള്ളുഷാപ്പ് തൊഴിലാളികളുടെ കമ്മിറ്റികൾക്ക് നൽകുവാൻ വ്യവസ്ഥ ചെയ്തിരുന്നു.

2002-ൽ അബ്കാരി നിയമത്തിൽ വരുത്തിയ മറ്റൊരു പ്രധാന ഭേദഗതി 53എ എന്ന പുതിയ സെക്ഷൻ കൊണ്ടുവന്നതിനുള്ളതാണ്. ഇതു പ്രകാരം സംസ്ഥാനത്ത് എക്സൈസ്, പോലീസ് ഓഫീസുകളിൽ തൊണ്ടിയായി സൂക്ഷിച്ചിരിക്കുന്ന വസ്തുക്കളെക്കുറിച്ച് റിട്ടർ വിദേശ മദ്യം, ചാരായം എന്നിവ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിന് ആവശ്യമായ നിയമം ആവിഷ്കരിച്ചിട്ടുണ്ട്. (നമ്പർ 917/ലെജിസ്ലേഷൻ/03/ ലോ തീയതി 6-3-2003)

LIBRARY ARCHIVES Kerala Legislative Assembly

2003-04-ലെ അബ്കാരി നയപ്രകാരം കള്ളുഷാപ്പുകൾ 2002-03 വർഷത്തിൽ നടത്തിയവർക്കുതന്നെ ലൈസൻസ് പുതുക്കി നൽകുവാൻ തീരുമാനിച്ചു. എല്ലാ ഇംഗ്ലീഷ് മാസവും 1-ാം തീയതി മദ്യഷാപ്പുകൾ അടച്ചിടുവാൻ ആവശ്യമായ നിയമങ്ങൾ അബ്കാരി ഭേദഗതി നിയമത്തിൽ കൊണ്ടുവന്നു. ജി.ഒ.(പി)49/2003/നി.വ. തീയതി 24-3-2003 (എസ്.ആർ.ഒ. നമ്പർ 254/2003) എന്നിവ യഥാക്രമം പ്രസിദ്ധീകരിച്ചു. പിന്നീട് ഈ നിബന്ധന കള്ളുഷാപ്പുകളുടെ കാര്യത്തിൽ ഒഴിവാക്കുകയുണ്ടായി. ജി.ഒ.(പി) നമ്പർ 127/2003/നി.വ. തീയതി 2-8-2003 കാണുക.

ഇത്തരത്തിൽ ലൈസൻസ് പുതുക്കി നൽകിയിട്ടും തീർപ്പാകാത്ത കള്ളുഷാപ്പുകൾ വിൽപ്പന നടത്തുന്നതിന് ആവശ്യമായ ഭേദഗതികൾ ജി.ഒ.(പി)68/2003/നി.വ. തീയതി 23-4-2003, എസ്.ആർ.ഒ. നമ്പർ 346/2003 ആയി പ്രസിദ്ധീകരിച്ചു. വീണ്ടും വിൽപ്പനയിൽ പോകാത്ത കള്ളുഷാപ്പുകൾ, വിൽപ്പന ചട്ടങ്ങളിൽ ഇളവു ചെയ്തുകൊണ്ട് ലൈസൻസ് ഫീസിന്റെ 50% വരെ കുറച്ച് വിൽപ്പന നടത്തുന്നതിന് ജി.ഒ.(പി)79/2003/ റ്റി.ഡി. തീയതി 15-5-2003, എസ്.ആർ.ഒ. നമ്പർ 411/2003 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നിട്ടും വിൽപ്പനയിൽ പോകാത്ത ഷാപ്പുകൾ വിൽപ്പന നടത്തുന്നതിന് കള്ളുഷാപ്പുതൊഴിലാളികളുടെ കമ്മിറ്റികൾക്ക് ടി ഷാപ്പുകൾ ഷാപ്പ് ഒന്നിന് 500 രൂപ നിരക്കിൽ ജി.ഒ.(പി)115/2003/നി.വ. തീയതി 10-7-2003, എസ്.ആർ.ഒ. നമ്പർ 633/2003 ആയി ഉത്തരവായിട്ടുള്ളതാണ്.

കള്ളുഷാപ്പുകളുടെ കാര്യത്തിൽ എല്ലാ മാസവും 1-ാം തീയതി അടച്ചിടണമെന്നുള്ള വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

2. എസ്റ്റേറ്റുകൾ ഡ്യൂട്ടി അടയ്ക്കേണ്ടത് ഉൽപ്പാദകരാണെന്ന് വ്യക്തമാക്കിക്കൊണ്ട് 1984 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി അബ്കാരി ആക്ടിലെ സെക്ഷൻ 18(2)-ൽ ഭേദഗതി വരുത്തി.

'ബ്ലെൻഡിംഗ്', 'ബോണ്ടഡ് വെയർ ഹൗസ്', 'വെയർ ഹൗസ്', 'കോംപൗണ്ടിംഗ്', എന്നിവയുടെ നിർവചനങ്ങൾകൂടി അബ്കാരി ആക്ടിൽ ഉൾപ്പെടുത്തി ഭേദഗതി വരുത്തി.

അബ്കാരി ആക്ടിലെ ആവശ്യങ്ങൾക്കായി മുൻകാല പ്രാബല്യത്തോടുകൂടി ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിനുള്ള അധികാരം ആക്ടിൽ ഉൾപ്പെടുത്തി.

3. കേരള ധനകാര്യ നിയമം 2002 പ്രകാരം താഴെപറയുന്ന മാറ്റങ്ങൾ വരുത്തി. അബ്കാരി ആക്ടിലെ സെക്ഷൻ 18-ൽ ലക്ഷ്വറി ടാക്സ് ഇനത്തിൽ താഴെപ്പറയുന്നതുകൂടി ഉൾപ്പെടുത്തി:

ലൈസൻസ് ഫീസ് ഇനത്തിൽ വിദേശ നിർമ്മിത വിദേശ മദ്യത്തിന്റെ വിൽപ്പനയിൽ ഏർപ്പെടുമ്പോൾ

മൊത്ത വ്യാപാരം	..	പരമാവധി 25 ലക്ഷം രൂപ പ്രതിവർഷം
ചില്ലറ വ്യാപാരം	..	പരമാവധി 10 ലക്ഷം ,,
ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും	..	പരമാവധി 25 ലക്ഷം ,,
സഹകാര്യ സ്വത്ത് അല്ലാത്ത ക്ലബുകളിൽ അവയുടെ അംഗങ്ങൾക്ക്	..	പരമാവധി 10 ലക്ഷം ,,
മർച്ചന്റ് ഓഫീസർമാരുടെ ക്ലബുകളിൽ അവരുടെ അംഗങ്ങൾക്ക്	..	പരമാവധി 10 ലക്ഷം ,,

LIBRARY ARCHIVES Kerala Legislative Assembly

ഗ്യാവനേജ് ഫീ ആയി ചുമത്തുമ്പോൾ—

ബിയർ, വൈൻ-ഒഴികെയുള്ള വിദേശ നിർമ്മിത വിദേശ മദ്യം	..	200 രൂപ പ്രതി വിറ്റർ
വിദേശ നിർമ്മിത വിദേശ ബിയറും വൈനും	..	25 രൂപ പ്രതി ലിറ്റർ

4. സെക്ഷൻ 67(1)-ൽ വിദേശ മദ്യത്തിൽ ഉണ്ടായിരിക്കേണ്ട വീര്യത്തിൽ നിന്നും കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വ്യതിയാനത്തിന് സെക്ഷൻ 56 (b) പ്രകാരം ചുമത്തുന്ന കുറ്റത്തിന് ലൈസൻസികൾക്ക് 10,000 രൂപാവീതം പിഴയിടാൻ കമ്മീഷണർക്ക് അധികാരം നൽകി.

സെക്ഷൻ 67(2) പ്രകാരം കമ്മീഷണറുടെ മുൻകൂട്ടി അനുവാദം വാങ്ങാതെ ലൈസൻസ് നൽകുന്നതിന് ആധാരമായ ഏതെങ്കിലും ഉടമ്പടിപത്രം പുനഃസംഘടിപ്പിക്കുകയോ മാറ്റം വരുത്തുകയോ ചെയ്ത് നിയമ ലംഘനം നടത്തിയാൽ ഈ ആക്ട് പ്രകാരം ലൈസൻസോ, പെർമിറ്റോ കൈവശമുള്ളയാൾക്ക് 25,000 രൂപ പിഴ ചുമത്താൻ കമ്മീഷണർക്ക് അധികാരം നൽകി.

5. "കേരള റെക്ടിഫൈഡ് സ്പിരിറ്റ്" നിയമപ്രകാരം സംസ്ഥാനത്തിനകത്തെ ഉപയോഗത്തിനായി ഡിസ്റ്റലറികളിൽ നിന്നും സ്പിരിറ്റ് വിതരണം ചെയ്യുമ്പോൾ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഡ്യൂട്ടി വസൂലാക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ആൾക്കഹോൾ അടങ്ങിയ മെഡിസിൻ ആന്റ് ടോയിലറ്റ് പ്രിപ്പറേഷൻസ് അണ്ടർ ബോണ്ടിൽ നിർമ്മിക്കുന്നതിനോ, കോംപൗണ്ടിംഗ് ബ്ലെൻഡിംഗ് ആന്റ് ബോട്ടിലിംഗ് പ്രകാരം ലൈസൻസുള്ള സംസ്ഥാനത്തെ ഡിസ്റ്റലറികൾക്ക് അണ്ടർ ബോണ്ടിൽ വിദേശമദ്യ നിർമ്മാണത്തിനോ ആണെങ്കിൽ മേൽ ഡ്യൂട്ടി അടയ്ക്കണ്ടായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു.

എന്നാൽ ജി.ഒ.(പി) നം. 76/2002/നി.വ. തീയതി 29-3- 2002 എസ്.ആർ.ഒ. നം. 460/2002 പ്രകാരം റെക്ടിഫൈഡ് സ്പിരിറ്റ് മനുഷ്യ ഉപയോഗത്തിനായി മദ്യം നിർമ്മിക്കുന്നതിനുപരിയായീ മറ്റാവശ്യങ്ങൾക്കും ടി ഡ്യൂട്ടി അടയ്ക്കാതെ നൽകാമെന്ന് കേരള റെക്ടിഫൈഡ് സ്പിരിറ്റ് നിയമത്തിലെ 8-ാം വകുപ്പിൽ അനുബന്ധമായി മാറ്റം വരുത്തി. അതുപോലെ മേൽ ആവശ്യത്തിനാണെങ്കിൽ ഗ്യാലനേജ് ഫീസ് ഈടാക്കേണ്ടതില്ലായെന്ന് 14(1) വകുപ്പിൽ 'എഫ്' എന്ന അനുബന്ധ പ്രകാരം മാറ്റം വരുത്തി.

6. ജി.ഒ.(പി) 22/2002/നി.വ. തീയതി 30-3-2002 (എസ്.ആർ.ഒ. 193/2002) പ്രകാരം എഫ്.എൽ3 ലൈസൻസുകൾ ടൂറിസം വികസനത്തിന്റെ ഭാഗമായി ത്രീ സ്റ്റാറും അതിന് മുകളിലുമുള്ള ഹോട്ടലുകൾക്ക് 15 ലക്ഷം രൂപ വാർഷിക റെന്റലിന് നൽകാൻ തീരുമാനിച്ചു. പിന്നീടത് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച ഹെറിറ്റേജ്, ഹെറിറ്റേജ് ഗ്രാൻഡ്, ഹെറിറ്റേജ് ക്ലാസിക് ഹോട്ടലുകൾക്കുകൂടി നൽകി. ജി.ഒ.(പി) നം. 149/200/റ്റി.ഡി. തീയതി 10-10-2002 കാണുക.

7. 25-3-2003-ലെ സർക്കാർ ഉത്തരവ് നമ്പർ 50/2003/നി.വ. (എസ്.ആർ.ഒ. നമ്പർ 257/2003) പ്രകാരം താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തി:

ക്ലബ്ബുകൾക്ക് പുതുതായി എഫ്.എൽ. 4എ. ലൈസൻസുകൾ നൽകാൻ തീരുമാനിച്ചു.

വിദേശമദ്യ ചട്ടം 19-ൽ എക്സൈസ് കമ്മീഷണറുടെ മുൻകൂർ അനുവാദത്തോടുകൂടി വിദേശമദ്യ ചട്ടപ്രകാരം അനുവദിച്ചിട്ടുള്ള ലൈസൻസുകൾ വിൽക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും വാടകയ്ക്ക് കൊടുക്കുന്നതിനും നൽകിയിരുന്ന അനുമതി പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

വിദേശമദ്യ ചട്ടം 24 പ്രകാരം എഫ്.എൽ.3-ലൈസൻസുകൾ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്ന അവസരത്തിൽ പുതുതായി മാറ്റപ്പെടുന്ന സ്ഥലത്തിന് പുതുതായി ഒരു എഫ്.എൽ.3-ലൈസൻസ് നൽകുന്നതിനുള്ള എല്ലാ യോഗ്യതകളും വേണമെന്ന് നിഷ്കർഷിച്ചു.

എല്ലാ ഇംഗ്ലീഷ് മാസവും ഒന്നാം തീയതി വിദേശമദ്യ വിൽപ്പനശാലകൾ അടച്ചിടണം എന്നു തീരുമാനിച്ചു.

8. 9-7-2003-ലെ സർക്കാർ ഉത്തരവ് നമ്പർ 112/2003/നി.വ. എസ്.ആർ.ഒ. നമ്പർ 629/2003 പ്രകാരം ക്ലബ്ബ് ലൈസൻസ് (എഫ്.എൽ. 4എ) നൽകുന്നതിനുള്ള നിബന്ധനകളിൽ ടി ക്ലബ്ബുകൾ 25 വർഷം പൂർത്തിയാക്കിയിരിക്കണം എന്ന നിബന്ധന 10 വർഷമാക്കി കുറച്ചു.

9. 24-3-2003-ലെ സർക്കാർ ഉത്തരവ് നമ്പർ 49/2003/നി.വ. എസ്.ആർ.ഒ. നമ്പർ 254/2003 പ്രകാരം ബിയർ/വൈൻ പാർലർലൈസൻസ് (എഫ്.എൽ.11) കേരളാ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ആവശ്യപ്പെടുന്ന സ്ഥലങ്ങളിലും മറ്റ് അർഹതപ്പെട്ട വിഭാഗങ്ങൾക്ക് സർക്കാർ വിജ്ഞാപനം ചെയ്യുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളിലും നൽകാൻ തീരുമാനിച്ചു.

2-8-2003-ലെ സർക്കാർ ഉത്തരവ് 127/2003/നി.വ. പ്രകാരം ലൈസൻസില്ലാതെ ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ്—വിദേശമദ്യം-3 ലിറ്റർ ആയും ബിയറും വൈനും യഥാക്രമം 7, 8 ലിറ്ററും ആയും വർദ്ധിപ്പിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. 2-8-2003-ലെ സർക്കാർ ഉത്തരവ് 128/2003/നി.വ. പ്രകാരം വിദേശമദ്യചട്ടത്തിൽ ആവശ്യമായ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്.

അനുബന്ധം III

[8-8-2003-ലെ 5 (5459)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.]

Statement showing the details of provisions made for computerisation of Government Departments during 2001-02, 2002-03 & 2003-04

Rs. (in Crore)

Sl. No.	*Name of Department*	*2001-02 & 2002-03*	*2003-04*
(1)	(2)	(3)	(4)
1	Public Works	0.40	0.82
2	Motor Vehicles	7.19	0.13
3	General Education	0.55	0.20
4	Collegiate Education	0.45	0.15
5	Technical Education	1.50	0.75
6	Labour	0.41	0.24
7	Employment	0.75	0.50

LIBRARY ARCHIVES Kerala Legislative Assembly